**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **18.11.2019-ൽ മറുപടിക്ക്**

**നമ്പർ.5443**

<u>സിവിൽ പോലീസ്ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.** പാറക്കൽ അബ്ദുല്ല | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ചോദ്യക്കടലാസ് ചോർന്നതിനെ തുടർന്ന് എസ്.എഫ്.ഐ. നേതാക്കളും കത്തിക്കുത്ത് കേസിലെ പ്രതികളും ഉന്നത റാങ്ക് നേടിയത് സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കൂടുതൽ പേർ ചോദ്യക്കടലാസ് ചോർത്തി പരീക്ഷ എഴുതിയതായി കണ്ടെത്തിയാൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന കാര്യത്തിൽ പി.എസ്.സി എന്ത് നിലപാട് സ്വീകരിക്കും; വ്യക്തമാക്കാമോ? | പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പരീക്ഷയിലെ ക്രമക്കേട് സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടിൽ കൂട്ടകോപ്പിയടിയോ ചോദ്യപേപ്പർ ചോർച്ചയോ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ 3 ഉദ്യോഗാർത്ഥികളൊഴികെ കെ.എ.പി.നാല് ബറ്റാലിയനിലേക്കും മറ്റ 6 ബറ്റാലിയനിലേക്കും നിയമനശിപാർശ നല്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ